188

കേന്ദ്ര ഗവൺമെൻറ്
നീയമ ന്യായ കമ്പനി മന്ത്രാലയം

# THE PETROLEUM ACT, 1934

(Act No. 30 of 1934)

# പെട്രോളിയം ആക്ററ്, 1934

(1934-ലെ 30-ാം നമ്പർ ആക്ററ്)

വില :

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.
1983

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE PETROLEUM ACT, 1934

(Act No. 30 of 1934)

# പെട്രോളിയം ആക്റ്റ്, 1934

(1934-ലെ 30-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.
1983

©
കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പെട്രോളിയം ആക്ററ് 1934

[1934-ലെ 30-ാം നമ്പർ]

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ :


### പ്രാരംഭികം

1. ചുരുക്കപ്പേരും, വ്യാപ്തിയും പ്രാരംഭവും.
2. നിർവ്വചനങ്ങൾ.

### അദ്ധ്യായം I

### പെട്രോളിയത്തിൻമേലുള്ള നിയന്ത്രണം

3. പെട്രോളിയത്തിൻെറ ഇറക്കുമതിയും പരിവഹണവും സ്റേറാറേജും.
4. പെട്രോളിയത്തിൻെറ ഇറക്കുമതിക്കും പരിവഹണത്തിനും സ്റേറാറേജിനും ഉള്ള ചട്ടങ്ങൾ.
5. പെട്രോളിയത്തിൻെറ ഉത്പാദനവും സംസ്കരണവും സങ്കലനവും.
6. എ-തരം പെട്രോളിയത്തിൻെറ സംഭരണികൾ മുന്നറിയിപ്പ് പ്രദർശിപ്പിക്കണമെന്ന്.
7. പരിമിത പരിമാണത്തിലുള്ള ബി-തരം പെട്രോളിൻേറയോ സി-തരം പെട്രോളിൻേറയോ പരിവഹണത്തിനോ സ്റേറാറേജിനോ ലൈസൻസ് വേണ്ടെന്ന്.
8. കുറഞ്ഞ പരിമാണത്തിലുള്ള എ-തരം പെട്രോളിയത്തിൻെറ ഇറക്കുമതിക്കോ പരിവഹണത്തിനോ സ്റേറാറേജിനോ ലൈസൻസ് വേണ്ടെന്ന്.
9. മോട്ടോർവാഹനങ്ങൾക്കും, സ്ഥിരസ്ഥാനീക എൻജിനുകൾക്കും ഉള്ള ഒഴിവാക്കലുകൾ.
10. കാരിയർ ആയി പ്രവർത്തിക്കുന്ന റെയിൽവെ ഭരണത്തിന് ലൈസൻസ് വേണ്ടെന്ന്.
11. ഘന എണ്ണകൾ ഒഴിവാക്കൽ.
12. ഒഴിവാക്കലിനുള്ള സാമാന്യാധികാരം.
13. സ്ഥലങ്ങളുടെ പരിശോധന.

### അദ്ധ്യായം II

### പെട്രോളിയത്തിൻെറ പരീക്ഷണം

14. പെട്രോളിയം പരിശോധിക്കലും സാമ്പിൾ ചെയ്യലും.
15. മാനക പരീക്ഷണോപകരണം.
16. മററു പരീക്ഷണോപകരണങ്ങൾ സർട്ടിഫൈ ചെയ്യുന്നത്.
17. പരീക്ഷകോദ്യോഗസ്ഥൻമാർ.
18. പരീക്ഷണരീതി.
19. പരീക്ഷണ സർട്ടിഫിക്കററ്
20. പുന:പരീക്ഷണങ്ങൾ ആവശ്യപ്പെടാനുള്ള അവകാശം.
21. പരീക്ഷണങ്ങൾ സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.
22. ശ്യാനരൂപത്തിലോ ഖരരൂപത്തിലോ ഉള്ള പെട്രോളിയത്തിൻെറ പരീക്ഷണത്തിനുള്ള പ്രത്യേക ചട്ടങ്ങൾ.

### അദ്ധ്യായം III

### ദണ്ഡനങ്ങളും നടപടിക്രമവും

23. ഈ ആക്ററിൻകീഴിലെ കുററങ്ങൾക്കുള്ള സാമാന്യദണ്ഡനം.
24. പെട്രോളിയവും സംഭരണികളും കണ്ടുകെട്ടുന്നത്.
25. അധികാരിത.
26. പ്രവേശനത്തിനും ശോധനയ്ക്കുമുള്ള അധികാരം.
27. പെട്രോളിയംകൊണ്ടുള്ള അപകടങ്ങളെക്കുറിച്ചുള്ള നോട്ടീസ്.
28. പെട്രോളിയംകൊണ്ടുള്ള ഗുരുവായ അപകടങ്ങളെക്കുറിച്ചുള്ള അന്വേഷണവിചാരണകൾ.

### അദ്ധ്യായം IV

### അനുപൂരകം

29. ചട്ടങ്ങളെ സംബന്ധിക്കുന്ന വ്യവസ്ഥകൾ.
30. മററു പദാർത്ഥങ്ങൾക്ക് ആക്ററ് ബാധകമാക്കുന്നതിനുള്ള അധികാരം.
31. പെട്രോളിയത്തിൻെറമേൽ തദ്ദേശാധികാരസ്ഥാനങ്ങൾക്കുള്ള അധികാരങ്ങൾ പരിമിതിപ്പെടുത്താനുള്ള അധികാരം.
32. റദ്ദാക്കലുകൾ.


3/54/V.

# പെട്രോളിയം ആക്റ്റ് 1934

[1934–ലെ 30-ാം നമ്പർ ആക്റ്റ്]

പെട്രോളിയത്തിൻെറ ഇറക്കുമതിയും പരിവഹണവും, സംഭരണവും ഉത്പാദനവും സംസ്കരണവും സങ്കലനവും സംബന്ധിച്ച നിയമം സഞ്ചയിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുന്നതിനുള്ള ആക്റ്റ്

[1934 സെപ്റ്റംബർ, 6]

പെട്രോളിയത്തിൻെറ ഇറക്കുമതിയും പരിവഹണവും സംഭരണവും ഉത്പാദനവും, സംസ്കരണവും സങ്കലനവും സംബന്ധിച്ച നിയമം സഞ്ചയിക്കുകയും ഭേദഗതിചെയ്യുകയും ചെയ്യുന്നത് സമീചീനമായിരിക്കയാൽ, ഇതിനാൽ താഴെപറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:

## പ്രാരംഭികം

ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.

1. (1) ഈ ആക്റ്റിന്, പെട്രോളിയം ആക്റ്റ്, 1934 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

(3) ഇത്, കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു,

നിർവ്വചനങ്ങൾ

2. ഈ ആക്റ്റിൽ, വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം,—

(ക) ''പെട്രോളിയ'' ത്തിന്, ഏതെങ്കിലും ദ്രവ ഹൈഡ്രോകാർബണും, അല്ലെങ്കിൽ ദ്രവ ഹൈഡ്രോകാർബണുകളുടെ മിശ്രണവും, ഏതെങ്കിലും ദ്രവ ഹൈഡ്രോകാർബൺ അടങ്ങുന്ന (ദ്രവമോ, ശ്യാനമോ ഖരമോ ആയ) ഏതെങ്കിലും എളുപ്പത്തിൽ തീപിടിക്കാവുന്ന മിശ്രണവും എന്ന് അർത്ഥമാകുന്നതും;

(ഖ) ''എ-തരം പെട്രോളിയം'' എന്നാൽ, ഇരുപത്തിമൂന്നു ഡിഗ്രി സെൻറിഗ്രേഡിൽ താഴെ സ്ഫുരജ്വലന താപം ഉള്ള പെട്രോളിയം എന്നർത്ഥമാകുന്നതും ;

(ഖഖ) ''ബി-തരം പെട്രോളിയം'' എന്നാൽ, ഇരുപത്തിമൂന്നു ഡിഗ്രി സെൻറിഗ്രേഡും അതിന് മീതേയും, എന്നാൽ അറുപത്തഞ്ചു ഡിഗ്രി സെൻറിഗ്രേഡിൽ താഴെ സ്ഫുരജ്വലനതാപം ഉള്ള പെട്രോളിയം എന്നർത്ഥമാകുന്നതും;

(ഖഖഖ) ''സി-തരം പെട്രോളിയം'' എന്നാൽ, അറുപത്തഞ്ചു ഡിഗ്രി സെൻറിഗ്രേഡും അതിനുമീതേയും എന്നാൽ തൊണ്ണൂററിമൂന്നു ഡിഗ്രി സെൻറിഗ്രേഡിൽ താഴെ സ്ഫുരജ്വലനതാപം ഉള്ള പെട്രോളിയം എന്നർത്ഥമാകുന്നതും;

(ഗ) ഏതെങ്കിലും പെട്രോളിയത്തിൻെറ ''സ്ഫുരജ്വലനതാപം'' എന്നാൽ, ഏററവും താഴ്ന്ന ഏതു താപത്തിലാണോ, അതു ജ്വലിപ്പിക്കുമ്പോൾ, ക്ഷണിക സ്ഫുരണം നൽകുന്ന ബാഷ്പം ഉളവാക്കുന്നത്, അങ്ങനെയുള്ളതും, അദ്ധ്യായം 11-ലേയും അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയും വ്യവസ്ഥകൾ അനുസരിച്ച് നിശ്ചയിക്കപ്പെടുന്നതുമായ താപം എന്നർത്ഥമാകുന്നതും ;

(ഘ) ''പെട്രോളിയം പരിവഹണം ചെയ്യുക'' എന്നാൽ, ഇൻഡ്യയ്ക്കുള്ളിൽ ഒരു സ്ഥലത്തുനിന്ന് മറെറാരു സ്ഥലത്തേക്ക് പെട്രോളിയം നീക്കുക എന്നർത്ഥമാകുന്നതും, അതിൽ ഇൻഡ്യയ്ക്കുള്ളിലെ ഒരു സ്ഥലത്തുനിന്ന് മറെറാന്നിലേക്ക്, ഇൻഡ്യയുടെ ഭാഗമല്ലാത്ത ഒരു രാജ്യക്ഷേത്രം കടത്തിക്കൊണ്ട് നീക്കുന്നതു ഉൾപ്പെടുന്നതും ;

(ങ) ''പെട്രോളിയം ഇറക്കുമതി ചെയ്യുക'' എന്നാൽ, അതു, പരിവഹണത്തിൻെറ ഗതിയിലല്ലാതെ കരമാർഗ്ഗമായോ, കടൽമാർഗ്ഗമായോ, വായു മാർഗ്ഗമായോ ഇൻഡ്യയിലേക്കു കൊണ്ടുവരുക എന്നർത്ഥമാകുന്നതും ;

(ച) ''പെട്രോളിയം സ്റേറാർ ചെയ്യുക'' എന്നാൽ അതു ഏതെങ്കിലും സ്ഥലത്ത് സൂക്ഷിക്കുക എന്നർത്ഥമാവുന്നതും എന്നാൽ അതിൽ പരിവഹണത്തിൻെറ സാധാരണഗതിയിൽ സംഭവിക്കുന്ന ഏതെങ്കിലും വച്ചുകൊണ്ടിരിക്കുന്നത് ഉൾപ്പെടുന്നതല്ലാത്തതും ;

(ഛ) ''മോട്ടോർ വാഹന''ത്തിന്, കരമാർഗ്ഗമോ, ജലമാർഗ്ഗമോ, വായു മാർഗ്ഗമോ, മനുഷ്യരേയോ ജന്തുക്കളേയോ സാമാനങ്ങളേയോ വഹിച്ചുകൊണ്ടു പോകുന്നതിനുള്ളതും ചലനശക്തികൾ ജനിപ്പിക്കാൻ പെട്രോളിയം ഉപയോഗിക്കുന്നതുമായ ഏതെങ്കിലും വണ്ടിയോ, ജലയാനമോ, വ്യോമയാനമോ എന്നർത്ഥമാകുന്നതും ;

(ജ) ''നിർണ്ണയിക്കപ്പെടുന്ന'' എന്നാൽ, ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നതും.

ആകുന്നു.

## അദ്ധ്യായം I

## പെട്രോളിയത്തിൻമേലുള്ള നിയന്ത്രണം

**പെട്രോളിയത്തിന്റെ ഇറക്കുമതിയും പരിവഹണവും സ്റ്റോറേജും**

3. (1) 4-ാം വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ അനുസരിച്ചല്ലാതെ, യാതൊരാളും ഏതെങ്കിലും പെട്രോളിയം ഇറക്കുമതി ചെയ്യുകയോ, പരിവഹണം ചെയ്യുകയോ സ്റ്റോർ ചെയ്യുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) വാങ്ങിക്കേണ്ടതാണെന്ന് 4-ാം വകുപ്പിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ തന്നോട് ആവശ്യപ്പെടുന്ന ഏതെങ്കിലും തദർത്ഥ ലൈസൻസിന്റെ ഉപാധികൾ അനുസരിച്ചല്ലാതെ, യാതൊരാളും, എ-തരം പെട്രോളിയം ഇറക്കുമതി ചെയ്യാൻ പാടില്ലാത്തതും, ഏതെങ്കിലും പെട്രോളിയം പരിവഹണം ചെയ്യുകയോ സ്റ്റോർ ചെയ്യുകയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

**പെട്രോളിയത്തിന്റെ ഇറക്കുമതിക്കും പരിവഹണത്തിനും സ്റ്റോറേജിനും ഉള്ള ചട്ടങ്ങൾ**

4. കേന്ദ്രഗവൺമെന്റിന്,—

(ക) പെട്രോളിയം ഇറക്കുമതി ചെയ്യാവുന്ന സ്ഥലങ്ങൾ നിർണ്ണയിക്കുകയും മററിടങ്ങളിൽ അതിന്റെ ഇറക്കുമതി നിരോധിക്കുകയും ചെയ്യുന്നതും;

(ഖ) പെട്രോളിയത്തിന്റെ ഇറക്കുമതി ക്രമപ്പെടുത്തുന്നതും;

(ഗ) "എ-തരം പെട്രോളിയം" ഇറക്കുമതി പെയ്യുന്നതിനുള്ള ലൈസൻസിന് അപേക്ഷിക്കേണ്ടത് ഏതു കാലാവധികൾക്കുള്ളിലാണോ, ആ കാലാവധികൾ നിർണ്ണയിക്കുകയും, ഏതു സംബന്ധിച്ചാണോ നിർണ്ണയിക്കപ്പെട്ട കാലാവധിക്കുള്ളിൽ ലൈസൻസിന് അപേക്ഷിച്ചിട്ടില്ലാതിരിക്കുകയോ ലൈസൻസ് നിരസിക്കപ്പെട്ടിരിക്കുകയോ ചെയ്യുന്നത്, അങ്ങനെയുള്ളതും കയററുമതി ചെയ്തിട്ടില്ലാത്തതും ആയ ഏതെങ്കിലും ഏ-തരം പെട്രോളിയം കണ്ടുകെട്ടൽ വഴിയോ മററു വിധത്തിലോ വ്യയനം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യുന്നതും ;

(ഘ) പെട്രോളിയത്തിന്റെ പരിവഹണം ക്രമപ്പെടുത്തുന്നതും ;

(ങ) പെട്രോളിയം പരിവഹണം ചെയ്യുന്നത്, ഏതു സംഭരണികളിലും കുഴൽനിരകളിലുമാണോ സംഭരണികളുടേയും കുഴൽനിരകളുടേയും പ്രകൃതവും അവസ്ഥയും വിനിർദ്ദേശിക്കുന്നതും ;

(ച) പെട്രോളിയം സ്റ്റോർ ചെയ്യാവുന്ന ഏതു സ്ഥലങ്ങളിലെന്നു ക്രമപ്പെടുത്തുകയും, ഏത് ഉപാധികൾക്കു വിധേയമാണെന്നു നിർണ്ണയിക്കുകയും ചെയ്യുന്നതും ;

(ഛ) പെട്രോളിയം സ്റ്റോർ ചെയ്യാവുന്ന സംഭരണികളുടെ പ്രകൃതവും സ്ഥാനവും അവസ്ഥയും വിനിർദ്ദേശിക്കുന്നതും ;

(ജ) ഏ-തരം പെട്രോളിയത്തിന്റെ ഇറക്കുമതിക്കും ഏതെങ്കിലും പെട്രോളിയത്തിന്റെ പരിവഹണത്തിനും അല്ലെങ്കിൽ സ്റ്റോറേജിനും ഉള്ള ലൈസൻസുകളുടെ ഫാറവും, ഉപാധികളും, അങ്ങനെയുള്ള ലൈസൻസുകൾക്ക് അപേക്ഷകൾ കൊടുക്കേണ്ട തീയതിയും, അങ്ങനെയുള്ള ലൈസൻസുകൾ നല്കേണ്ട അധികാരസ്ഥാനങ്ങളും, അങ്ങനെയുള്ള ലൈസൻസുകൾക്ക് ചുമത്താവുന്ന ഫീസും നിർണ്ണയിക്കുന്നതും,

(ഝ) ഏതെങ്കിലും തരം സംഗതികളിൽ പെട്രോളിയത്തിന്റെ പരിവഹണത്തിനുള്ള ലൈസൻസ് വാങ്ങിക്കേണ്ടത് കൺസൈനറോ കൺസൈനിയോ കാരിയറോ എന്ന് നിശ്ചയിക്കുന്നതും ;

(ഞ) പെട്രോളിയത്തിന്റെ ഇറക്കുമതിക്കും പരിവഹണത്തിനും സ്റ്റോറേജിനും, അല്ലെങ്കിൽ അങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിനു സംയുക്ത ലൈസൻസുകൾ നല്കാൻ വ്യവസ്ഥ ചെയ്യുന്നതും;

(ട) പെട്രോളിയത്തിൽ, ഏതെങ്കിലും വിനിർദ്ദിഷ്ട വിഷപദാർത്ഥങ്ങൾ ചേർക്കാവുന്ന അനുപാതം നിർണ്ണയിക്കുകയും, ഏതു പെട്രോളിയത്തിലാണോ ഏതെങ്കിലും വിനിർദ്ദിഷ്ട വിഷപദാർത്ഥത്തിന്റെ അനുപാതം നിർണ്ണയിക്കപ്പെട്ട അനുപാതത്തിലും കവിയുന്നത്, അങ്ങനെയുള്ള പെട്രോളിയത്തിന്റെ ഇറക്കുമതിയും പരിവഹണവും സ്റ്റോറേജും നിരോധിക്കുകയും ചെയ്യുന്നതും ;

(ഠ) സാമാന്യമായി, പെട്രോളിയത്തിന്റെ ഇറക്കുമതിയും പരിവഹണവും സ്റ്റോറേജും സംബന്ധിച്ച് നല്കിയിട്ടുള്ള ഏതെങ്കിലും സേവനങ്ങൾക്ക് ഫീസ് ചാർജ് ചെയ്യുന്നതുൾപ്പെടെ, പെട്രോളിയത്തിന്റെ ഇറക്കുമതിയുടേയും പരിവഹണത്തിന്റേയും സ്റ്റോറേജിന്റേയും മേൽ ശരിയായ നിയന്ത്രണത്തിന് കേന്ദ്രഗവൺമെന്റിന്റെ അഭിപ്രായത്തിൽ, സമീചീനമായ ഏതെങ്കിലും വിഷയങ്ങൾക്കു വ്യവസ്ഥ ചെയ്യുന്നതും,

ആയ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

**പെട്രോളിയത്തിന്റെ ഉൽപാദനവും സംസ്കരണവും സങ്കലനവും.**

5. (1) രണ്ടാം ഉപവകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ അനുസരിച്ചല്ലാതെ യാതൊരാളും പെട്രോളിയം ഉൽപാദിപ്പിക്കുകയോ സംസ്കരിക്കുകയോ സങ്കലനം ചെയ്യാൻ പാടുള്ളതല്ല.

(2) കേന്ദ്രഗവൺമെന്റിന്—

(ക) പെട്രോളിയം ഉൽപ്പാദിപ്പിക്കുകയും, സംസ്ക്കരിക്കുകയും സങ്കലനം ചെയ്യുകയും ചെയ്യുന്നത് ഏത് ഉപാധികൾക്കു വിധേയമായാണെന്നു നിർണ്ണയിക്കുന്നതും ;

(ഖ) പെട്രോളിയം അത് ഉൽപ്പാദിപ്പിക്കപ്പെടുന്നതോ സംസ്ക്കരിക്കപ്പെടുന്നതോ, സങ്കലനം ചെയ്യപ്പെടുന്നതോ ആയ സ്ഥലങ്ങളിൽ നിന്ന് നീക്കം ചെയ്യുന്നത് ക്രമപ്പെടുത്തുകയും എ-തരം പെട്രോളിയം എന്ന നിലയിലൊഴികെ, നിർണ്ണയിക്കപ്പെട്ട പരീക്ഷണങ്ങൾ തൃപ്തികരമായി നേരിട്ടിട്ടില്ലാത്ത ഏതെങ്കിലും പെട്രോളിയം അവിടെ സ്റ്റോർ ചെയ്യുന്നതും അവിടെ നിന്ന് നീക്കം ചെയ്യുന്നതും തടയുകയും ചെയ്യുന്നതും, ആയ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

6. എ-തരം പെട്രോൾ അടങ്ങുന്ന എല്ലാ സംഭരണികൾക്കും, ആ സംഭരണികളിൻമേൽതന്നെയുള്ളതോ, അത് അപ്രായോഗികമായിരിക്കുന്നിടത്ത്, സംഭരണിയുടെ സമീപം പ്രദർശിപ്പിക്കുന്നതോ ആയ "പെട്രോൾ" എന്നോ, "മോട്ടോർ സ്പിരിററ്" എന്നോ ഉള്ള വാക്കുകൾ ശ്രദ്ധയാകർഷിപ്പിക്കത്തക്ക രീതിയിൽ പ്രദർശിപ്പിക്കുന്ന മുദ്ര കൊത്തിയതോ എംബോസ് ചെയ്തതോ ചായത്തിലെഴുതിയതോ അച്ചടിച്ചതോ ആയ ഒരു മുന്നറിയിപ്പോ അല്ലെങ്കിൽ പെട്രോളിയത്തിന്റെ അപായകരമായ പ്രകൃതത്തെക്കുറിച്ചുള്ള ഒരു സദൃശ മുന്നറിയിപ്പോ ഉണ്ടായിരിക്കേണ്ടതാകുന്നു.

എ-തരം പെട്രോളിയത്തിന്റെ സംഭരണികൾ മുന്നറിയിപ്പ് പ്രദർശിപ്പിക്കണമെന്ന്.

എന്നാൽ ഈ വകുപ്പ്.—

(ക) വില്പനയ്ക്കുള്ളതല്ലാത്ത എ-തരം പെട്രോളിയം അടങ്ങുന്നതും പത്തു ലിററിലും കുറച്ചുകൊള്ളുന്നതുമായ ഭദ്രമായി അടപ്പിട്ട ഏതെങ്കിലും ഗ്ലാസ്സിന്റേയോ കല്ലിന്റേയോ ലോഹത്തിന്റേയോ സംഭരണിക്കോ, അല്ലെങ്കിൽ,

(ഖ) ഒരു മോട്ടോർ വാഹനത്തിൽ അതിന്റെ ഭാഗമായിരിക്കുകയോ ഒരു ആന്തരിക ദഹന എൻജിനോട് ഘടിപ്പിച്ചതായിരിക്കുകയോ ചെയ്യുന്നതും, ആ മോട്ടോർ വാഹനത്തിനോ എൻജിനോ പ്രചാലശക്തി ജനിപ്പിക്കുന്നതിന് ഉപയോഗിക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പെട്രോളിയം അടങ്ങുന്നതുമായ ടാങ്കിനോ, അല്ലെങ്കിൽ

(ഗ) പെട്രോളിയം പരിവഹണം ചെയ്യുന്നതിനുള്ള കുഴൽ നിരയ്ക്കോ, അല്ലെങ്കിൽ

(ഘ) പൂർണ്ണമായി ഭൂമിക്കടിയിലുള്ള ഏതെങ്കിലും ടാങ്കിനോ,

(ങ) ഈ കേന്ദ്രഗവൺമെന്റ് ഈ വകുപ്പിന്റെ പ്രവർത്തനത്തിൽനിന്ന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഒഴിവാക്കുന്ന ഏതെങ്കിലും സംഭരണികൾക്കോ,

ബാധകമായിരിക്കുന്നതല്ല.

7. ഈ അദ്ധ്യായത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരാൾ,—

(i) ഏതെങ്കിലും ഒരൊററ സ്ഥലത്ത്, തന്റെ കൈവശത്തിലുള്ള ബി തരം പെട്രോളിന്റെ ആകെ പരിമാണം രണ്ടായിരത്തഞ്ഞൂറു ലിററിൽ കവിയാതിരിക്കുകയും, അതിലൊട്ടുംതന്നെ ആയിരം ലിററിലധികം കൊള്ളുന്ന ഒരു സംഭരണിയിൽ അടങ്ങിയതല്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, ആ ബി-തരം പെട്രോളിന്റേയോ,

(ii) ഏതെങ്കിലും ഒരൊററ സ്ഥലത്തു, തന്റെ കൈവശത്തിലുള്ള സി-തരം പെട്രോളിന്റെ ആകെ പരിമാണം നാല്പത്തയ്യായിരം ലിററിൽ കവിയാതിരിക്കുകയും, അങ്ങനെയുള്ള പെട്രോളിയം 4-ാം വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ അനുസരിച്ച് പരിവഹണം ചെയ്യുകയോ സ്റ്റോർ ചെയ്യുകയോ ചെയ്യുകയും ചെയ്യുന്നുവെങ്കിൽ ആ സി-തരം പെട്രോളിന്റേയോ,

പരിവഹണത്തിനോ സ്റ്റോറേജിനോ ലൈസൻസ് വാങ്ങിക്കേണ്ടതില്ല.

പരിമിത പരിമാണത്തിലുള്ള ബി-തരം പെട്രോളിന്റേയോ സി-തരം പെട്രോളിന്റേയോ പരിവഹണത്തിനോ സ്റ്റോറേജിനോ ലൈസൻസ് വേണ്ടെന്ന്.

8. (1) ഈ അദ്ധ്യായത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരാൾ, തന്റെ കൈവശത്തിലുള്ള ആകെ പരിമാണം മുപ്പതു ലിററിൽ കവിയുന്നില്ലെങ്കിൽ, വില്പനയ്ക്ക് ഉദ്ദേശിക്കാത്ത എ-തരം പെട്രോളിയത്തിന്റെ ഇറക്കുമതിക്കോ പരിവഹണത്തിനോ സ്റ്റോറേജിനോ ലൈസൻസ് വാങ്ങിക്കേണ്ടതില്ല.

(2) ഈ വകുപ്പിൻകീഴിൽ ലൈസൻസ് ഇല്ലാതെ കൈവശം വയ്ക്കുന്ന എ-തരം പെട്രോളിയം ഗ്ലാസ്സിന്റേയോ കപ്പിന്റേയോ സംഭരണിയുടെ സംഗതിയിൽ ഒരു ലിററിലധികം കൊള്ളാത്തതോ ലോഹസംഭരണികളുടെ സംഗതിയിൽ ഇരുപത്തഞ്ചു ലിററിലധികം കൊള്ളാത്തതോ ആയ, ഭദ്രമായി അടപ്പിട്ട് ഗ്ലാസ്സിന്റേയോ കപ്പിന്റേയോ ലോഹത്തിന്റേയോ സംഭരണികളിൽ സൂക്ഷിക്കേണ്ടതാകുന്നു.

കുറഞ്ഞ പരിമാണത്തിലുള്ള എ-തരം പെട്രോളിയത്തിന്റെ ഇറക്കുമതിയോ പരിവഹണത്തിനോ സ്റ്റോറേജിനോ ലൈസൻസ് വേണ്ടെന്ന്.

9. (1) മോട്ടോർ വാഹനത്തിന്റെ രജിസ്ട്രേഷനും ലൈസൻസിനും സംബന്ധിച്ച് തത്സമയം പ്രാബല്യത്തിലിരിക്കുന്ന നിയമം ആവശ്യപ്പെടുന്നവയനുസരിച്ച് പ്രവർത്തിക്കുന്ന അതിന്റെ ഡ്രൈവറോടും അല്ലെങ്കിൽ പൈലട്ടിനോടും ഏതെങ്കിലും സ്ഥിരസ്ഥാനിക ആന്തരിക ദഹന എൻജിന്റെ ഉടമസ്ഥനോടും,—

മോട്ടോർ വാഹനങ്ങൾക്കും, സ്ഥിര സ്ഥാനീക എൻജിനുകൾക്കും ഉള്ള ഒഴിവാക്കലു

(ക) വാഹനത്തിൽ, അതിന്റെ ഭാഗമായിരിക്കുന്നതോ അന്തരികദഹന എൻജിനോട് ഘടിപ്പിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും ഇന്ധന ടാങ്കിൽ അടങ്ങുന്ന ഏതെങ്കിലും പെട്രോളിയത്തിന്റെ ഇറക്കുമതിക്കോ, പരിവഹണത്തിനോ, സ്റ്റോറേജിനോ,

അല്ലെങ്കിൽ

(ഖ) (ക) ഖണ്ഡത്തിൻ കീഴിൽ കൈവശം വയ്ക്കുന്ന ഏതെങ്കിലും പരിമാണത്തിന് പുറമെ നൂറുലിററിൽ കവിയാത്ത പരിമാണമുള്ള എ-തരം പെട്രോളിയത്തിന്റെ പരിവഹണത്തിനോ സ്റ്റോറേജിനോ, ലൈസൻസ് വാങ്ങിക്കണമെന്ന് ആവശ്യപ്പെടാൻ പാടുള്ളതല്ല:

എന്നാൻ, അതിന് പെട്രോളിയം മോട്ടാർവാഹനത്തിനോ എൻജിനോ പ്രചാലകശക്തി ജനിപ്പിക്കുന്നതിന് ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതായിരിക്കണം:

എന്നുമാത്രമല്ല, അങ്ങനെയുള്ള ഉടമസ്ഥന് മററു മോട്ടോർവാഹനങ്ങളോ എൻജിനുകളോ കൈവശമുണ്ടെന്നിരുന്നാലും, (ഖ) ഖണ്ഡത്തിൻകീഴിൽ ലൈസൻസില്ലാതെ സ്റ്റോർ ചെയ്യാവുന്ന എ-തരം പെട്രോളിന്റെ ആകെ പരിമാണം നൂറുലിററിൽ കവിയാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻകീഴിൽ ലൈസൻസില്ലാതെ പരിവഹണം ചെയ്യുകയോ, സ്റ്റോർ ചെയ്യുകയോ ചെയ്യുന്ന എ-തരം പെട്രോളിയം, 8-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തപ്രകാരം സൂക്ഷിക്കേണ്ടതും, അതിന്റെ പരിമാണം മുപ്പതുലിററിൽ കവിയുന്നുവെങ്കിൽ, അത്, ഏതെങ്കിലും ആൾ താമസിക്കുകയോ ജോലിചെയ്യുകയോ ചെയ്യുന്ന ഏതെങ്കിലും മുറിയുമായോ, അല്ലെങ്കിൽ ആളുകൾ സമ്മേളിക്കുന്ന ഏതെങ്കിലും മുറിയുമായോ സമ്പർക്കമില്ലാത്ത ഒററതിരിഞ്ഞ സ്ഥലത്ത് സ്റ്റോർ ചെയ്യേണ്ടതും ആകുന്നു.

**കാരിയർ ആയി പ്രവർത്തിക്കുന്ന റയിൽവേ ഭരണത്തിന് ലൈസൻസ് വേണ്ടെന്ന്. 1890-ലെ 9**

10. ഈ അദ്ധ്യായത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഇൻഡ്യൻ റയിൽവേ ആക്ററ്, 1890-ലെ 3-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള, റയിൽവേ ഭരണത്തിന്, കാരിയർ എന്ന നിലയിൽ അതിന്റെ കൈവശത്തിലുള്ള ഏതെങ്കിലും പെട്രോളിയത്തിന്റെ ഇറക്കുമതിക്കോ പരിവഹണത്തിനോ ഏതെങ്കിലും ലൈസൻസ് വാങ്ങിക്കേണ്ടതില്ല.

**ഘന എണ്ണകൾ, ഒഴിവാക്കൽ.**

11. ഈ അദ്ധ്യായത്തിലെ യാതൊന്നും, സ്ഫുരത് ജ്വലനതാപം തൊണ്ണൂററിമൂന്ന് ഡിഗ്രി സെൻറീഗ്രേഡിൽ കുറവല്ലാത്ത ഏതെങ്കിലും പെട്രോളിയത്തിന് ബാധകമായിരിക്കുന്നതല്ല.

**ഒഴിവാക്കലിനുള്ള സാമാന്യാധികാരം.**

12. കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചിരിക്കുന്ന ഏതെങ്കിലും പെട്രോളിയത്തെ ഈ അദ്ധ്യായത്തിലെ എല്ലാ വ്യവസ്ഥകളിൽനിന്നുമോ അവയിൽ ഏതിലെങ്കിലും നിന്നുമോ ഒഴിവാക്കാവുന്നതാണ്.

**സ്ഥലങ്ങളുടെ പരിശോധന.**

13. (1) കേന്ദ്രഗവൺമെൻറിന് പെട്രോളിയം ഇറക്കുമതി ചെയ്യുകയോ, സ്റ്റോർ ചെയ്യുകയോ ഉൽപ്പാദിപ്പിക്കുകയോ സംസ്ക്കരിക്കുകയോ സങ്കലനം ചെയ്യുകയോ അല്ലെങ്കിൽ പരിവഹണത്തിലായിരിക്കുകയോ ചെയ്തുകൊണ്ടിരിക്കുന്ന ഏതെങ്കിലും സ്ഥലത്ത് പ്രവേശിക്കാനും പെട്രോളിയം സംബന്ധിച്ച് ഉപയോഗിക്കുന്ന എല്ലാ സംഭരണികളും, പ്ലാൻറുകളും ഉപകരണങ്ങളും ഈ അദ്ധ്യായത്തിലേയും അതിൻകീഴിലുണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് അനുസൃതമായുള്ളതാണോ എന്നു തിട്ടപ്പെടുത്തുന്നതിനുവേണ്ടി, അവ പരിശോധിക്കാനും, ഏതെങ്കിലും ഉദ്യോഗസ്ഥനെ പേരുപറഞ്ഞോ ഉദ്യോഗത്തെ ആധാരമാക്കിയോ പ്രാധികാരപ്പെടുത്താവുന്നതാണ്.

(2) കേന്ദ്രഗവൺമെൻറിന് ഈ വകുപ്പിൻ കീഴിൽ പ്രാധികാരപ്പെടുത്തപ്പെടുന്ന ഉദ്യോഗസ്ഥൻമാരുടെ നടപടിക്രമം ക്രമപ്പെടുത്തുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

## അദ്ധ്യായം II

## പെട്രോളിയത്തിന്റെ പരീക്ഷണം

**പെട്രോളിയം പരിശോധിക്കലും, സാമ്പിൾ ചെയ്യലും.**

14. (1) കേന്ദ്രഗവൺമെൻറിന്, പെട്രോളിയം ഇറക്കുമതി ചെയ്യുകയോ, പരിവഹണം ചെയ്യുകയോ സ്റ്റോർ ചെയ്യുകയോ ഉൽപ്പാദിപ്പിക്കുയോ, സംസ്കരിക്കുകയോ സങ്കലനം ചെയ്യുകയോ ചെയ്തുകൊണ്ടിരിക്കുന്ന ഏതെങ്കിലും സ്ഥലത്ത് പ്രവേശിക്കാനും, അവിടെ കാണുന്ന ഏതെങ്കിലും പെട്രോളിയം പരിശോധിക്കുകയും, പരീക്ഷണത്തിനായി അതിന്റെ സാമ്പിൾ എടുക്കുകയും ചെയ്യാനും ഏതെങ്കിലും ഉദ്യോഗസ്ഥനെ പേരുപറഞ്ഞോ ഉദ്യോഗത്തെ ആധാരമാക്കിയോ ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, പ്രാധികാരപ്പെടുത്താവുന്നതാണ്.

(2) കേന്ദ്രഗവൺമെന്റിന് —

(ക) പരീക്ഷണത്തിനായി പെട്രോളിയത്തിന്റെ സാമ്പിളുകൾ എടുക്കുന്നത് ക്രമപ്പെടുത്തുന്നതും ;

(ഖ) എടുക്കുന്ന സാമ്പിളുകളുടെ മൂല്യത്തിന് ഏതു സംഗതിയിലാണ് പണം കൊടുക്കേണ്ടതെന്നും പണം കൊടുക്കുന്ന സമ്പ്രദായവും നിശ്ചയിക്കുന്നതും ;

(ഗ) സാമാന്യമായി ഈ വകുപ്പിൻകീഴിൽ അധികാരങ്ങൾ പ്രയോഗിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ നടപടിക്രമം ക്രമപ്പെടുത്തുന്നതും,

ആയ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

**മാനക പരീക്ഷണോപകരണം.**

15. (1) പെട്രോളിയത്തിന്റെ സ്ഫുരജ്വലനതാപം നിശ്ചയിക്കുന്നതിനുള്ള ഒരു മാനക ഉപകരണം, കേന്ദ്രഗവൺമെന്റ് ഇതിലേക്ക് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, നിയമിക്കുന്ന ഉദ്യോഗസ്ഥൻവശം നിക്ഷേപിക്കേണ്ടതാകുന്നു.

(2) അങ്ങനെയുള്ള ഉപകരണത്തിൻമേൽ, "മാനക പരീക്ഷണോപകരണം" എന്ന വാക്കുകൾ കൊത്തിയിരിക്കേണ്ടതും, അതു 21-ാം വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ അനുസരിച്ച് പരിശോധിച്ചുനോക്കുകയും അപ്പോഴപ്പോൾ ശരിപ്പെടുത്തുകയും ചെയ്യേണ്ടതും, ആവശ്യമുള്ളപ്പോൾ അതിനുപകരം വയ്ക്കേണ്ടതും ആകുന്നു.

(3) മാനക പരീക്ഷണോപകരണം നിർണ്ണയിക്കപ്പെടുന്ന ഫീസ് കൊടുക്കുന്നതിൻമേൽ, അത് പരിശോധിക്കാൻ ആഗ്രഹിക്കുന്ന ഏതാൾക്കും ന്യായമായ എല്ലാ സമയങ്ങളിലും പരിശോധനയ്ക്കു പ്രാപ്യമായിരിക്കേണ്ടതാകുന്നു.

**മററു പരീക്ഷണോപകരണങ്ങൾസർട്ടിഫൈ ചെയ്യുന്നത്**

16. നിർണ്ണയിക്കപ്പെടുന്ന ഫീസ്, വല്ലതുമുണ്ടെങ്കിൽ, അത് നൽകുന്നതിൻമേൽ 15-ാം വകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ, ഈ ആവശ്യത്തിന് തന്റെ മുൻപാകെ സമർപ്പിക്കുന്ന, പെട്രോളിയത്തിന്റെ സ്ഫുരജ്വലനതാപം നിശ്ചയിക്കുന്നതിനുള്ള ഏതെങ്കിലും ഉപകരണം മാനക പരീക്ഷണോപകരണവുമായി ഒത്തുനോക്കേണ്ടതാകുന്നു.

(2) ഏതെങ്കിലും ഉപകരണം നിർണ്ണയിക്കപ്പെടുന്ന പരിധികൾക്കുള്ളിൽ മാനക പരീക്ഷണോപകരണവുമായി ഒക്കുന്നതായി താൻ കാണുന്നുവെങ്കിൽ, ആ ഉദ്യോഗസ്ഥൻ അങ്ങനെയുള്ള ഉപകരണത്തിൻമേൽ ഒരു പ്രത്യേക നമ്പറും, ഒത്തുനോക്കിയ തീയതിയും കൊത്തേണ്ടതും, അതുസംബന്ധിച്ച്, മുൻപറഞ്ഞ തീയതി ആ ഉപകരണം മാനക പരീക്ഷണോപകരണവുമായി ഒത്തുനോക്കിയെന്നും നിർണ്ണയിക്കപ്പെട്ട പരിധികൾക്കുള്ളിൽ, അതുമായി ഒക്കുന്നതായി കണ്ടു എന്നും സർട്ടിഫൈ ചെയ്യുന്നതും, ആ ഉപകരണംകൊണ്ട് നടത്തുന്ന പരീക്ഷണങ്ങളുടെ ഫലങ്ങളിൽ വരുത്തേണ്ട ഏതെങ്കിലും തിരുത്തുകൾ വിനിർദ്ദേശിക്കുന്നതും ആയ നിർണ്ണയിക്കപ്പെടുന്ന രൂപത്തിലുള്ള ഒരു സർട്ടിഫിക്കററ് നൽകേണ്ടതുമാകുന്നു.

(3) ഈ വകുപ്പിൻകീഴിൽ നൽകുന്ന സർട്ടിഫിക്കററ്, നിർണ്ണയിക്കപ്പെടുന്ന കാലാവധിക്ക് സാധുവായിരിക്കുന്നതാകുന്നു.

(4) വിപരീതമായതു തെളിയിക്കപ്പെടുന്നതുവരെ, അതു സാധുവായിരിക്കുന്ന കാലാവധിയിൽ, അതിൽ പ്രസ്താവിച്ചിട്ടുള്ള ഏത് വിഷയവും തെളിയിക്കുന്നതായിരിക്കുന്നതാണ്.

(5) ആ ഉദ്യോഗസ്ഥൻ ഈ വകുപ്പിൻകീഴിൽ നൽകുന്ന എല്ലാ സർട്ടിഫിക്കററുകളുടേയും, നിർണ്ണയിക്കപ്പെടുന്ന രൂപത്തിലുള്ള ഒരു രജിസ്ററർ വച്ചുപോരേണ്ടതാകുന്നു.

**പരീക്ഷകോദ്യോഗസ്ഥൻമാർ**

17. കേന്ദ്രഗവൺമെന്റിന് ഈ ആക്ററിൻകീഴിൽ സാമ്പിളുകൾ എടുത്തിട്ടുള്ളതോ, അല്ലെങ്കിൽ ഏതെങ്കിലും ആൾ പരീക്ഷണത്തിനായി തനിക്ക് സമർപ്പിച്ചിട്ടുള്ളതോ ആയ പെട്രോളിയം പരീക്ഷിക്കുന്നതിനും അങ്ങനെയുള്ള പരീക്ഷണങ്ങളുടെ ഫലങ്ങളെക്കുറിച്ച് സർട്ടിഫിക്കററ് നൽകുന്നതിനും, ഏതെങ്കിലും ഉദ്യോഗസ്ഥനെ പേരുപറഞ്ഞോ ഉദ്യോഗത്തെ ആധാരമാക്കിയോ പ്രാധികാരപ്പെടുത്താവുന്നതാണ്.

**പരീക്ഷണരീതി**

18. ഈ ആക്ററിൻകീഴിൽ നടത്തുന്ന പെട്രോളിയത്തിന്റെ എല്ലാ പരീക്ഷണങ്ങളും, ഏതു സംബന്ധിച്ചാണോ 16-ാം വകുപ്പിൻകീഴിൽ സാധുവായ സർട്ടിഫിക്കററ് ഉള്ളത് അങ്ങനെയുള്ള ഒരു പരീക്ഷണോപകരണംകൊണ്ട് നടത്തേണ്ടതും, ആ സർട്ടിഫിക്കററിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും തിരുത്തിന്, യഥാർഥ പരിഗണന നൽകേണ്ടതും, 21-ാം വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളനുസരിച്ച് നടത്തേണ്ടതുമാകുന്നു.

**പരിക്ഷണസർട്ടിഫിക്കററ്**

19. (1) പെട്രോളിയത്തിന്റെ സാമ്പിളുകൾ പരീക്ഷിച്ചതിനുശേഷം, പരീക്ഷക ഉദ്യോഗസ്ഥൻ, പെട്രോളിയം എ-തരം പെട്രോളിയമോ ബി-തരം പെട്രോളിയമോ സി-തരം പെട്രോളിയമോ എന്നുള്ളതും, ബി-തരം പെട്രോളിയമോ സി-തരം പെട്രോളിയമോ ആണെങ്കിൽ, ആ പെട്രോളിയത്തിന്റെ സ്ഫുരജ്വലനതാപവും പ്രസ്താവിക്കുന്ന നിർണ്ണയിക്കപ്പെടുന്ന രൂപത്തിലുള്ള ഒരു സർട്ടിഫിക്കററ് തയ്യാറാക്കേണ്ടതാകുന്നു.

(2) പരീക്ഷ കോദ്യോഗസ്ഥൻ, ബന്ധപ്പെട്ട ആരംക്ക്, അയാളുടെ അപേക്ഷയിൻമേലും നിർണ്ണയിക്കപ്പെടുന്ന ഫീസ് നൽകുന്നതിൻമേലും, സർട്ടിഫിക്കററിൻെറ ഒരു സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകേണ്ടതും, അങ്ങനെയുള്ള സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അസൽ സർട്ടിഫിക്കററിൻെറ ഉള്ളടക്കം തെളിയിക്കുന്നതിനായി ഏത് കോടതിയിലും ഹാജരാക്കാവുന്നതുമാണ്.

(3) ഏതു പെട്രോളിയത്തിൽ നിന്നാണോ സാമ്പിളുകൾ എടുത്തത്, ആ പെട്രോളിയം സംബന്ധിച്ച ഈ ആക്ററിൻകീഴിൽ എടുക്കുന്ന ഏതെങ്കിലും നടപടികളിൽ, ഈ വകുപ്പിൻകീഴിൽ നൽകപ്പെടുന്ന സർട്ടിഫിക്കററ് തെളിവായി സ്വീകരിക്കപ്പെടേണ്ടതും, വിപരീതമായത് തെളിയിക്കുന്നതുവരെ, ആ പെട്രോളിയം എ-തരം പെട്രോളിയമോ ബി-തരം പെട്രോളിയമോ സി-തരം പെട്രോളിയമോ എന്നുള്ളതിൻേറയും ആ പെട്രോളിയം ബി-തരം പെട്രോളിയമോ സി-തരം പെട്രോളിയമോ ആണെങ്കിൽ, അതിൻെറ സ്ഫുരജ്വലനതാപത്തിൻേറയും നിശ്ചായകമായ തെളിയിക്കലായിരിക്കുന്നതുമാകുന്നു.

**പുനഃപരീക്ഷണങ്ങൾ ആവശ്യപ്പെടാനുള്ള അവകാശം.—**

20 (1) ഏതെങ്കിലും പെട്രോളിയത്തിൻെറ പരീക്ഷണത്തെക്കുറിച്ച് അതൃപ്തിയുള്ള പെട്രോളിയത്തിൻെറ ഉടമസ്ഥനോ, അയാളുടെ ഏജൻറിനോ പരീക്ഷണത്തിൻെറ ഫലങ്ങളെക്കുറിച്ച് അയാൾക്കു അറിയിപ്പ് കിട്ടിയ തീയതിമുതൽ ഏഴു ദിവസത്തിനുള്ളിൽ ആ പെട്രോളിയത്തിൻെറ പുതിയ സാമ്പിളുകൾ എടുക്കുകയും പരീക്ഷിക്കുകയും ചെയ്തു കിട്ടാൻ, 14-ാം വകുപ്പിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോട് അപേക്ഷിക്കാവുന്നതാകുന്നു.

(2) അങ്ങനെയുള്ള അപേക്ഷയിൻമേലും, നിർണ്ണയിക്കപ്പെടുന്ന ഫീസ് നല്കുന്നതിൻമേലും, പെട്രോളിയത്തിൻെറ പുതിയ സാമ്പിളുകൾ, അങ്ങനെയുള്ള ഉടമസ്ഥൻേറയോ ഏജൻറിൻേറയോ, അയാൾ നിയോഗിക്കുന്ന ആളുടേയോ സാന്നിദ്ധ്യത്തിൽ എടുക്കേണ്ടതും, അങ്ങനെയുള്ള ഉടമസ്ഥൻേറയോ ഏജൻറിൻേറയോ, അയാൾ നിയോഗിക്കുന്ന ആളുടേയോ സാന്നിദ്ധ്യത്തിൽ പരീക്ഷിക്കേണ്ടതുമാകുന്നു.

(3) അങ്ങനെയുള്ള പുനഃപരീക്ഷണത്തിൽ, ആദ്യത്തെ പരീക്ഷണം തെററിപ്പോയതായിരുന്നുവെന്നു കാണുന്നുവെങ്കിൽ പരീക്ഷകോദ്യോഗസ്ഥൻ 19-ാം വകുപ്പിൻകീഴിൽ നല്കപ്പെട്ട ആദ്യസർട്ടിഫിക്കററ് റദ്ദാക്കേണ്ടതും, ഒരു പുതിയ സർട്ടിഫിക്കററ് തയ്യാറാക്കേണ്ടതും, അതിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പെട്രോളിയത്തിൻെറ ഉടമസ്ഥനോ, അയാളുടെ ഏജൻറിനോ ചാർജ്ജ് കൂടാതെ നല്കേണ്ടതുമാകുന്നു.

**പരീക്ഷണങ്ങൾ സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—**

21. കേന്ദ്രഗവൺമെൻറിന്—

(ക) മാനകപരീക്ഷണോപകരണത്തിൻെറ വിനിർദ്ദിഷ്ട വിവരണത്തിനും, പരിശോധിച്ചുനോക്കലിനും ശരിപ്പെടുത്തലിനും പകരം വയ്ക്കലിനും ഉള്ളതും;

(ഖ) മാനകപരീക്ഷണോപകരണത്തിൻെറ പരിശോധനയ്ക്കുള്ള ഫീസ് നിർണ്ണയിക്കുന്നതും ;

(ഗ) ഒരു പരീക്ഷണോപകരണം മാനകപരീക്ഷണോപകരണവുമായി ഒത്തുനോക്കുന്നതിലെ നടപടിക്രമം ക്രമപ്പെടുത്തുന്നതും ;

(ഘ) അപ്രകാരം ഒത്തുനോക്കുന്ന പരീക്ഷണോപകരണം സംബന്ധിച്ച് നല്കേണ്ട സർട്ടിഫിക്കററിൻെറ ഫാറവും, അങ്ങനെയുള്ള സർട്ടിഫിക്കററ് ഏതു കാലാവധിവരെ സാധുവായിരിക്കുമെന്നുള്ളതും . നിർണ്ണയിക്കുന്നതും ;

(ങ) അങ്ങനെയുള്ള സർട്ടിഫിക്കററുകളുടെ രജിസ്ററിൻെറ ഫാറം നിർണ്ണയിക്കുന്നതും ;

(ച) ഒരു പരീക്ഷണോപകരണം മാനകപരീക്ഷണോപകരണവുമായി ഒത്തുനോക്കുന്നതിനുള്ള ഫീസ് നിർണ്ണയിക്കുന്നതും ;

(ഛ) പെട്രോളിയത്തിൻെറ പരീക്ഷണം നടത്തുന്നതിൽ, പരീക്ഷകോദ്യോഗസ്ഥൻമാരുടെ നടപടിക്രമം ക്രമപ്പെടുത്തുകയും, ഒരേ പെട്രോളിയത്തിൻെറ പല സാമ്പിളുകൾ പരീക്ഷിക്കുന്നിടത്ത്, ഫലങ്ങളുടെ ശരാശരിയെടുക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും, മാനകതാപങ്ങളിൽ നിന്നുള്ള അനുവദിക്കപ്പെടാവുന്ന വ്യതിയാനങ്ങൾ നിർണ്ണയിക്കുകയും ചെയ്യുന്നതും ;

(ജ) പെട്രോളിയത്തിൻെറ പരീക്ഷണങ്ങളുടെ സർട്ടിഫിക്കററുകളുടെ ഫാറവും അതിന് ചാർജ് ചെയ്യാവുന്ന ഫീസും നിർണ്ണയിക്കുന്നതും ;

(ത്ധ) സാമ്പിളുകളുടെ പരീക്ഷണത്തിൻെറ ഫലങ്ങൾ പരീക്ഷണത്തിനുള്ള ഏതെങ്കിലും ഗണത്തിലെ പെട്രോളിയത്തിൻെറ ഗുണത്തിൻെറ ഐക്യരൂപത്തെക്കുറിച്ച് സംശയം ജനിപ്പിക്കുന്നിടത്ത് ആ ഗണത്തിനെ ഉപഗണങ്ങളായി വിഭജിക്കുന്നതിനും, ഓരോ ഉപഗണത്തിലേയും സാമ്പിളുകൾ തിരഞ്ഞെടുത്തു പരീക്ഷിക്കുന്നതിനും ആ സാമ്പിളുകളുടെ പരീക്ഷണത്തിൻെറ ഫലങ്ങൾ അനുസരിച്ചു ഫലങ്ങളുടെ ശരാശരി എടുക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതും;

(ഞ) 20-ാം വകുപ്പിൻ കീഴിലെ പുന:പരീക്ഷണങ്ങൾക്കുള്ള ഫീസ് നിർണ്ണയിക്കുകയും, അത് ആദ്യത്തെ പരീക്ഷണം തെററിപ്പോയതായിരുന്നിടത്ത് തിരിയെ കൊടുക്കാൻ വ്യവസ്ഥ ചെയ്യുകയും ചെയ്യുന്നതും ;

(ട) സാമാന്യമായി പെട്രോളിയത്തിന്റെ പരീക്ഷണവുമായി ബന്ധപ്പെട്ട കർത്തവ്യങ്ങൾ നിർവ്വഹിക്കുന്ന എല്ലാ ഉദ്യോഗസ്ഥൻമാരുടേയും നടപടിക്രമം ക്രമപ്പെടുത്തുകയും, അങ്ങനെയുള്ള പരീക്ഷണത്തിന് ആനുഷംഗികമായ ഏതെങ്കിലും വിഷയത്തിനു വ്യവസ്ഥചെയ്യുകയും ചെയ്യുന്നതും,

ആയ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാകുന്നു.

ശ്യാന രൂപത്തിലോ ഖരരൂപത്തിലോ ഉള്ള പെട്രോളിയത്തിന്റെ പരീക്ഷണത്തിനുള്ള പ്രത്യേക ചട്ടങ്ങൾ.

22. കേന്ദ്രഗവൺമെൻറിന് ശ്യാനമോ ഖരമോ ആയതോ അല്ലെങ്കിൽ ഊറലോ കൊഴുപ്പിക്കുന്ന ഘടകപദാർത്ഥങ്ങളോ അടങ്ങിയതോ ആയ ഏതെങ്കിലും രൂപത്തിലുള്ള പെട്രോളിയത്തിന്റെ പരീക്ഷണത്തിന് പ്രത്യേകമായി വ്യവസ്ഥ ചെയ്യുന്ന ചട്ടങ്ങൾ ഉണ്ടാക്കുകയും കൂടി ചെയ്യാവുന്നതും, അങ്ങനെയുള്ള ചട്ടങ്ങൾക്ക് ഈ അദ്ധ്യായത്തിലേയോ 21-ാം വകുപ്പിൻകീഴിൽ ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങളിലേയോ ഏതെങ്കിലും വ്യവസ്ഥകളെ, അവയെ അങ്ങനെയുള്ള പരീക്ഷണങ്ങളുടെ പ്രത്യേകാവശ്യങ്ങൾക്ക് അനുയോജ്യമാക്കുന്നതിനുവേണ്ടി രൂപഭേദപ്പെടുത്തുകയോ അവയോടു കൂട്ടിച്ചേർക്കുകയോ ചെയ്യാവുന്നതും ആകുന്നു.

## അദ്ധ്യായം III

## ദണ്ഡനങ്ങളും നടപടിക്രമവും

ഈ ആക്ററിൻ കീഴിലെ കുററങ്ങൾക്കുള്ള സാമാന്യ ദണ്ഡനം.

23. (1) ഏതൊരാളാണോ —

(ക) I-ാം അദ്ധ്യായത്തിലേയോ അതിൻകീഴിലുണ്ടാക്കപ്പെടുന്ന ചട്ടങ്ങളിൽ ഏതിന്റേയെങ്കിലുമോ, വ്യവസ്ഥകളിൽ ഏതെങ്കിലും ഉല്ലംഘിച്ചുകൊണ്ട്, ഏതെങ്കിലും പെട്രോളിയം ഇറക്കുമതി ചെയ്യുകയോ, പരിവഹണം ചെയ്യുകയോ സ്റേറാർ ചെയ്യുകയോ ഉത്പാദിപ്പിക്കുകയോ സംസ്കരിക്കുകയോ, സങ്കലനം ചെയ്യുകയോ ; അല്ലെങ്കിൽ

(ഖ) 4-ാം വകുപ്പിനോ 5-ാം വകുപ്പിനോ കീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടം ഉല്ലംഘിക്കുകയോ ; അല്ലെങ്കിൽ

(ഗ) 4-ാം വകുപ്പിൻകീഴിൽ നല്കപ്പെടുന്ന ലൈസൻസിന്റെ ധാരകനോ അല്ലെങ്കിൽ അങ്ങനെയുള്ള ലൈസൻസിന്റെ ധാരകനാൽ പെട്രോളിയം ഇറക്കുമതി ചെയ്യുകയോ സ്റേറാർചെയ്യുകൻോ അല്ലെങ്കിൽ പരിവഹണത്തിലായിരിക്കുകയോ ചെയ്യുന്ന ഏതെങ്കിലും സ്ഥലത്തിന്റെ നിയന്ത്രണത്തിലോ ചാർജ്ജിലോ തൽസമയം വയ്ക്കപ്പെട്ടിട്ടുള്ള ആളോ ആയിരിക്കെ, അങ്ങനെയുള്ള ലൈസൻസിലെ ഏതെങ്കിലും ഉപാധി ഉല്ലംഘിക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള ലൈസൻസിന്റെ ഏതെങ്കിലും ഉപാധി ഉല്ലംഘിക്കപ്പെടാൻ അനുവദിക്കുകയോ ; അല്ലെങ്കിൽ

(ഘ) പെട്രോളിയം ഇറക്കുമതി ചെയ്യുകയോ, സ്റേറാർ ചെയ്യുകയോ, ഉത്പാദിപ്പിക്കുയോ സംസ്കരിക്കുകയോ, സങ്കലനം ചെയ്യുകയോ, അല്ലെങ്കിൽ പരിവഹണത്തിലായിരിക്കുകയോ ചെയ്യുന്ന ഏതെങ്കിലും സ്ഥലത്തിന്റെ നിയന്ത്രണത്തിലോ ചാർജ്ജിലോ തൽസമയം ആയിരിക്കേ, പെട്രോളിയം സംബന്ധിച്ച് ആ സ്ഥലത്ത് ഉപയോഗിക്കുന്ന ഏതെങ്കിലും സംഭരണിയോ പ്ലാന്റോ ഉപകരണമോ 13-ാം വകുപ്പിൻകീഴിൽ പ്രാധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന് കാണിച്ചുകൊടുക്കാൻ വിസമ്മതിക്കുകയോ ഉപേക്ഷ വരുത്തുകയോ ചെയ്യുകയോ, അല്ലെങ്കിൽ പരിശോധന സമയത്ത് അങ്ങനെയുള്ള ഉദ്യോഗസ്ഥനെ ഏതെങ്കിലും തരത്തിൽ തടസ്സപ്പെടുത്തുകയോ അയാൾ ന്യായമായ സഹായം നല്കാതിരിക്കുകയോ ചെയ്യുകയോ ; അല്ലെങ്കിൽ

(ങ) പെട്രോളിയം ഇറക്കുമതി ചെയ്യുകയോ പരിവഹണം ചെയ്യുകയോ, സ്റേറാർ ചെയ്യുകയോ ഉൽപ്പാദിപ്പിക്കുകയോ സംസ്ക്കരിക്കുകയോ സങ്കലനം ചെയ്യുകയോ ചെയ്യുന്ന ഏതെങ്കിലും സ്ഥലത്തിന്റെ നിയന്ത്രണത്തിലോ ചാർജ്ജിലോ തൽസമയം ആയിരിക്കെ, 14-ാം വകുപ്പിൻകീഴിൽ പ്രാധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്, അങ്ങനെയുള്ള സ്ഥലത്തുള്ള ഏതെങ്കിലും പെട്രോളിയം കാണിച്ചുകൊടുക്കാനോ അങ്ങനെയുള്ള പെട്രോളിയത്തിന്റെ പരിശോധനയ്ക്ക് അയാൾ ആവശ്യപ്പെടുന്ന സഹായം നല്കാനോ, വിസമ്മതിക്കുകയോ ഉപേക്ഷ വരുത്തുകയോ, അല്ലെങ്കിൽ പെട്രോളിയത്തിന്റെ സാമ്പിളുകൾ എടുക്കാൻ അയാളെ അനുവദിക്കാൻ വിസമ്മതിക്കുകയോ ; അല്ലെങ്കിൽ

(ച) 27-ാം വകുപ്പിൻകീഴിൽ ഒരു അപകടത്തെക്കുറിച്ച വിവരം നല്കേണ്ടതായിരിക്കെ, ആ വകുപ്പ് അപ്രകാരം ആവശ്യപ്പെടുന്ന വിധം അങ്ങനെയുള്ള വിവരം നല്കാതിരിക്കുകയോ,

ചെയ്യുന്നത്, അയാൾ ഒരു മാസത്തോളമാകാവുന്ന വെറും തടവോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെട്ടിരിക്കെ, ഏതെങ്കിലും ആൾ, ആ ഉപവകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററത്തിന് വീണ്ടും അപരാധിയാകുന്നുവെങ്കിൽ അയാൾ അങ്ങനെയുള്ള ഏതൊരു പിന്നീടുള്ള കുററത്തിനും മൂന്നു മാസത്തോളമാകാവുന്ന വെറുംതടവോ, അയ്യായിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

പെട്രോളിയവും സംഭരണികളും കണ്ടുകെട്ടുന്നത്.

24. 23-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിനോ, (ഖ) ഖണ്ഡത്തിനോ, (ഗ) ഖണ്ഡത്തിനോ കീഴിൽ ഒരു കുററം ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും സംഗതിയിൽ, കുററസ്ഥാപനം ചെയ്യുന്ന മജിസ്ട്രേററിന്—

(ക) ഏതു പെട്രോളിയം സംബന്ധിച്ചാണോ കുററം ചെയ്യപ്പെട്ടിട്ടുള്ളത്, ആ പെട്രോളിയമോ ;

അല്ലെങ്കിൽ

(ഖ) കുററക്കാരൻ, അതതു സംഗതിപോലെ, ഇറക്കുമതി ചെയ്യാനോ പരിവഹണം ചെയ്യാനോ സ്റേറാർ ചെയ്യാനോതന്നെ അനുവദിക്കുന്ന പരിമാണത്തിൽ കവിഞ്ഞ പെട്രോളിയം ഇറക്കുമതി ചെയ്യുകയോ പരിവഹണം ചെയ്യുകയോ സ്റേറാർ ചെയ്യുകയോ ചെയ്തതിന് കുററസ്ഥാപനം ചെയ്യപ്പെടുന്നിടത്ത് ഏതു പെട്രോളിയം സംബന്ധിച്ചാണോ കുററം ചെയ്തത്, ആ പെട്രോളിയം മുഴുവനുമോ ;

അത് അടങ്ങിയിരിക്കുന്നത് ഏതു സംഭരണികളിലാണോ, ആ സംഭരണികൾ സഹിതം കണ്ടുകെട്ടപ്പെടണമെന്ന് നിദേശിക്കാവുന്നതാണ്.

(2) ഈ അധികാരം ഹൈക്കോടതിക്ക് അതിന്റെ അപ്പീലധികാരങ്ങളുടേയോ റിവിഷൻ അധികാരങ്ങളുടേയോ പ്രയോഗത്തിലും പ്രയോഗിക്കാവുന്നതാണ്.

അധികാരിത.

25. ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററങ്ങൾ, പ്രസിഡൻസി ടൗണുകളിൽ പ്രസിഡൻസി മജിസ്ട്രേററിനാലും, മററിടങ്ങളിൽ ഒന്നാം ക്ലാസ് മജിസ്ട്രേററിനാലും, അല്ലെങ്കിൽ കേന്ദ്രഗവൺമെൻറ് ഇതിലേക്ക് പ്രത്യേകമായി അധികാരപ്പെടുത്തുന്ന രണ്ടാംക്ലാസ് മജിസ്ട്രേററിനാലും വിചാരണ ചെയ്യപ്പെടാവുന്നവയായിരിക്കുന്നതാണ്.

പ്രവേശനത്തിനും ശോധനയ്ക്കുമുള്ള അധികാരം.

26. (1) കേന്ദ്രഗവൺമെൻറിന്, ഈ ആക്ററിലേയും അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് അനുസരിച്ചല്ലാതെ ഏതെങ്കിലും പെട്രോളിയം ഇറക്കുമതി ചെയ്യുകയോ പരിവഹണം ചെയ്യുകയോ, സ്റേറാർ ചെയ്യുകയോ ഉത്പാദിപ്പിക്കുകയോ സംസ്കരിക്കുകയോ സങ്കലനം ചെയ്യുകയോ ചെയ്തുകൊണ്ടിരിക്കുന്നതായി തനിക്കു വിശ്വസിക്കാൻ കാരണമുള്ള ഏതെങ്കിലും സ്ഥലത്തു പ്രവേശിക്കുകയും ശോധനചെയ്യുകയും ചെയ്യാനും, ഏതു പെട്രോളിയം സംബന്ധിച്ചാണോ തന്റെ അഭിപ്രായത്തിൽ ഈ ആക്ററിൻ കീഴിൽ ഒരു കുററം ചെയ്യപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും പെട്രോളിയമോ എല്ലാ പെട്രോളിയവുമോ പിടിച്ചെടുക്കുകയോ തടഞ്ഞുവയ്ക്കുകയോ, നീക്കംചെയ്യുകയോ ചെയ്യാനും, ഏതെങ്കിലും ഉദ്യോഗസ്ഥനെ പേരുപറഞ്ഞോ ഉദ്യോഗത്തെ ആധാരമാക്കിയോ ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, പ്രാധികാരപ്പെടുത്താവുന്നതാണ്.

1974-ലെ 2

(2) ശോധനകൾ സംബന്ധിച്ച ക്രിമിനൽ നടപടി നിയമസംഹിത, 1973-ലെ വ്യവസ്ഥകൾ, അവ ബാധകമാകുന്നത്ര, ഈ വകുപ്പിൻകീഴിൽ പ്രാധികാരപ്പെടുത്തപ്പെടുന്ന ഉദ്യോഗസ്ഥൻമാരാലുള്ള ശോധനകൾക്കു ബാധകമായിരിക്കുന്നതാണ്.

(3) കേന്ദ്രഗവൺമെൻറിന്, ഈ വകുപ്പിൻകീഴിലെ തങ്ങളുടെ അധികാരങ്ങൾ പ്രയോഗിക്കുന്നതിൽ പ്രാധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ നടപടിക്രമം ക്രമപ്പെടുത്തുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും എന്നാൽ അത് (2)-ാം ഉപവകുപ്പിന്റെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതുമാകുന്നു.

പെട്രോളിയം കൊണ്ടുള്ള അപകടങ്ങളെക്കുറിച്ചുള്ള നോട്ടീസ്.

27. പെട്രോളിയം സംസ്ക്കരിക്കുകയോ സങ്കലനം ചെയ്യുകയോ സൂക്ഷിക്കുകയോ ചെയ്യുന്ന ഏതെങ്കിലും സ്ഥലത്തോ, അല്ലെങ്കിൽ പെട്രോളിയം വഹിച്ചുകൊണ്ടുപോകുന്നതോ അല്ലെങ്കിൽ ഏതിലേക്കോ ഏതിൽനിന്നോ ആണ് പെട്രോളിയം കയററുകയോ ഇറക്കുകയോ ചെയ്യുന്നത്, അങ്ങനെയുള്ള ഏതെങ്കിലും വാഹനത്തിലോ ജലയാനത്തിലോ, അല്ലെങ്കിൽ അങ്ങനെയുള്ള സ്ഥലത്തിൻേറയോ വാഹനത്തിൻേറയോ ജലയാനത്തിൻേറയോ സമീപത്തോ, അതു സംബന്ധിച്ചോ, പെട്രോളിയത്തിൻേറയോ പെട്രോളിയ ബാഷ്പത്തിൻേറയോ ജ്വലനത്തിന്റെ ഫലമായി പൊട്ടിത്തെറിയാലോ തീപിടിത്തത്താലോ ഉണ്ടാകുന്ന ഏതു അപകടമണോ, അതോടൊപ്പം മനുഷ്യജീവന്റെ ഹാനിയോ ദേഹത്തിനോ വസ്തുവിനോ ഉള്ള ക്ഷതിയോ ഉണ്ടാക്കുന്ന ഒന്നായിരിക്കുകയോ, അല്ലെങ്കിൽ അതോടൊപ്പം അങ്ങനെയുള്ള ഹാനിയോ ക്ഷതിയോ സാധാരണയായി ഉണ്ടാകുന്ന തരത്തിലുള്ളതായിരിക്കുകയോ ചെയ്യുന്നത്, അങ്ങനെയുള്ള ഏതെങ്കിലും അപകടം ഉണ്ടാകുമ്പോഴെല്ലാം, അതതുസംഗതിപോലെ, ആ സ്ഥലം കൈവശമുള്ള ആളോ, തൽസമയം ആ പെട്രോളിയത്തിന്റെ ചാർജ്ജുള്ള ആളോ, ആ വാഹനത്തിന്റെ ചാർജ്ജുള്ള ആളോ ആ ജലയാനത്തിന്റെ മാസ്ററരോ, ഏററവും അടുത്തുള്ള മജിസ്ട്രേററിനും അല്ലെങ്കിൽ ഏററവും അടുത്തുള്ള പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥനും, കൂടാതെ സ്ഫോടക വസ്തുക്കളുടെ മുഖ്യ കൺട്രോളർക്കും ആ അപകടത്തെക്കുറിച്ചും ഒപ്പമുണ്ടാകുന്ന മനുഷ്യജീവന്റെ ഹാനിയോ, ദേഹത്തിനോ വസ്തുവിനോ ഉള്ള ക്ഷതിയോ, വല്ലതുമുണ്ടെങ്കിൽ, അതിനെക്കുറിച്ചും നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിലും രീതിയിലും നോട്ടീസ് നല്കേണ്ടതാകുന്നു.

പെട്രോളിയം കൊണ്ടുള്ള ഗുരുവായ അപകടങ്ങളെക്കുറിച്ചുള്ള അന്വേഷണ വിചാരണകൾ.

1871-ലെ 4

1974-ലെ 2

28. (1) പെട്രോളിയത്തിൻേറയോ പെട്രോളിയ ബാഷ്പത്തിൻേറയോ ജ്വലനത്തിന്റെ ഫലമാണെന്ന് മജിസ്ട്രേററിന് വിശ്വസിക്കാൻ കാരണമുള്ള ഒരു അപകടത്താൽ ഏതെങ്കിലും ആൾ കൊല്ലപ്പെട്ടിട്ടുള്ള എല്ലാ സംഗതികളിലും, കോറണേഴ്സ് ആക്ററ്, 1871-ലെ 8-ാം വകുപ്പ് ആ പരിതഃസ്ഥിതികൾക്ക് ബാധകമാകാത്ത പക്ഷം, ക്രിമിനൽ നടപടി നിയമസംഹിത, 1973-ലെ 176-ാം വകുപ്പിൽ പറയുന്ന അന്വേഷണവിചാരണ നടത്തേണ്ടതാകുന്നു.

(2) ഒരു ഇൻക്വസ്റ്റ് നടത്താൻ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും മജിസ്ട്രേററിന്, പെട്രോളിയത്തിൻേറയോ പെട്രോളിയ ബാഷ്പത്തിൻേറയോ ജ്വലനത്തിൻെറ ഫലമാണെന്ന് തനിക്ക് വിശ്വസിക്കാൻ കാരണമുള്ള ഏതെങ്കിലും അപകടം അതോടൊപ്പം ദേഹത്തിനോ വസ്തുവിനോ ഗുരുവായ ക്ഷതി ഉണ്ടാക്കിയിട്ടുള്ള ഒന്നാണെങ്കിൽ തൻമൂലം ആരും കൊല്ലപ്പെട്ടില്ലെന്നിരുന്നാലും അങ്ങനെയുള്ള അപകടത്തിനുള്ള കാരണത്തെക്കുറിച്ചും മുൻപറഞ്ഞ വകുപ്പിൻകീഴിൽ ഒരു അന്വേഷണവിചാരണ നടത്താവുന്നതാണ്.

(3) (2)-ാം ഉപവകുപ്പിൻെറ ആവശ്യങ്ങൾക്ക് പോലീസ് കമ്മീഷണർ ഇൻക്വസ്റ്റ് നടത്താൻ അധികാരപ്പെടുത്തപ്പെട്ട മജിസ്ട്രേററായി കരുതപ്പെടുന്നതാകുന്നു.

(4) ഈ വകുപ്പിന് അനുസൃതമായി നടത്തപ്പെടുന്ന എല്ലാ അന്വേഷണവിചാരണകളുടേയും 1-ാം ഉപവകുപ്പ് പരാമർശിക്കുന്ന സംഗതിയിൽ കൊറോണർ നടത്തുന്ന ഏതെങ്കിലും അന്വേഷണവിചാരണയുടേയും ഫലം, ആകുന്നത്രവേഗത്തിൽ, കേന്ദ്രഗവൺമെൻറിനും, സ്ഫോടകവസ്തുക്കളുടെ മുഖ്യകൺട്രോളർക്കും സ്റേററ് ഗവൺമെൻറിനും സമർപ്പിക്കേണ്ടതാകുന്നു.

## അദ്ധ്യായം IV

## അനുപൂരകം

29. (1) ഈ ആക്ററിൻകീഴിൽ, ഏതെങ്കിലും ചട്ടങ്ങളുണ്ടാക്കുന്നതിൽ, കേന്ദ്രഗവൺമെൻറിന്—

ചട്ടങ്ങളെ സംബന്ധിക്കുന്ന വ്യവസ്ഥകൾ.

(ക) അങ്ങനെയുള്ള ചട്ടങ്ങൾക്ക് സഹായകമായ ഏതു വിഷയത്തിനാണോ, അതിൻെറ അഭിപ്രായത്തിൽ പെട്രോളിയത്തിൻെറ ഇറക്കുമതിയിൽനിന്നോ, പരിവഹണത്തിൽനിന്നോ സ്റേറാറേജിൽനിന്നോ ഉത്പാദനത്തിൽനിന്നോ സംസ്കരണത്തിൽനിന്നോ സങ്കലനത്തിൽനിന്നോ ഉദ്ഭവിക്കുന്ന അപകടത്തിൽനിന്ന് പൊതുജനങ്ങളെ സംരക്ഷിക്കുന്നതിന് വ്യവസ്ഥ ആവശ്യമായിരിക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും വിഷയത്തിന് വ്യവസ്ഥ ചെയ്യുകയും ;

(ഖ) ഏതെങ്കിലും സ്റേററിൻേറയോ സ്ഥലത്തിൻേറയോ പ്രത്യേക പരിതഃസ്ഥിതികൾക്ക് പ്രത്യേകവ്യവസ്ഥ ഉണ്ടാക്കുകയും ;

ചെയ്യാവുന്നതാണ്.

(2) ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ഈ ആക്ററ് നല്കുന്ന ഏതൊരു അധികാരവും, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്ക് വിധേയമായിരിക്കുന്നതാകുന്നു.

(3) ഈ ആക്ററിൻകീഴിൽ ഉണ്ടാക്കുന്ന എല്ലാ ചട്ടങ്ങളും ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

(4) ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അതു ഉണ്ടാക്കിയതിനുശേഷം ആകുന്നത്രവേഗത്തിൽ, പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ അതിൻെറ ഓരോ സഭയുടേയും മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുൻപ് ഇരുസഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെല്ലുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതുസംഗതിപോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു ; എന്നാൽ അത് അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുൻപു ചെയ്തിട്ടുള്ള എന്തിൻെറയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കുന്നതാണ്.

30. [എളുപ്പത്തിൽ തീ പിടിപ്പിക്കാവുന്ന പദാർത്ഥങ്ങൾ ആക്ററ് 1952, 7-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു]

മററു പദാർത്ഥങ്ങൾക്ക് ആക്ററ് ബാധകമാക്കുന്നതിനുള്ള അധികാരം.
1952-ലെ 20

31. ഏതെങ്കിലും അധിനിയമം പെട്രോളിയത്തിൻെറ പരിവഹണവും സ്റേറാറേജ്ജും സംബന്ധിച്ച് ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന് അധികാരങ്ങൾ നല്കുന്നിടത്ത്, കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി—

പെട്രോളിയത്തിൻെറമേൽ തദ്ദേശാധികാര സ്ഥാനങ്ങൾക്കുള്ള അധികാരങ്ങൾ പരിമിതിപ്പെടുത്താനുള്ള അധികാരം.

(ക) അങ്ങനെയുള്ള അധിനിയമത്തിന്റെ പ്രവർത്തനം പരിമിതപ്പെടുത്തുകയോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള അധികാരങ്ങളുടെ പ്രയോഗം യുക്തമെന്നു തോന്നുന്ന ഏതെങ്കിലും രീതിയിൽ പരിമിതപ്പെടുത്തുകയോ,

ചെയ്യാവുന്നതാകുന്നു.

റദ്ദാക്കലുകൾ. 1938-ലെ 1

32. റദ്ദാക്കൽ ആക്ററ്, 1938 2-ാം വകുപ്പിനാലും പട്ടികയാലും റദ്ദാക്കപ്പെട്ടു.

പട്ടിക. [റദ്ദാക്കപ്പെട്ട അധിനിയമങ്ങൾ]

1938-ലെ 1-ാം നമ്പർ ആക്ററ് 2-ാം വകുപ്പിനാലും പട്ടികയാലും റദ്ദാക്കപ്പെട്ടു.